# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1636 18.06.2012- ൽ മറുപടിക്ക്**

## ബേപ്പൂർ തുറമുഖ വികസനത്തിൽ ഇൻകെല്ലുമായി കരാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എളമരം കരീം | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | ബേപ്പൂർ തുറമുഖ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ബേപ്പൂർ തുറമുഖ വികസനം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട ആഗോള ടെണ്ടർ 03.07.2012-ന് തുറക്കുന്നതാണ്.<br><br>ലക്ഷദ്വീപിന് വേണ്ടി ഒരു ഡെഡിക്കേറ്റഡ് ബെർത്ത് വാർഷികപാട്ടത്തിന് നൽകുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസ്തുത തുറമുഖത്ത് ഒമ്പത് ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുന്നതിനുള്ള പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി 'ഇൻകെല്ലിനെ' ഏല്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ഇൻകെല്ലുമായി കരാർ ഒപ്പ് വച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. ബേപ്പൂർ തുറമുഖ വികസന പദ്ധതി INKEL - നെ ഏൽപ്പിച്ചിട്ടില്ല. എങ്കിലും പ്രസ്തുത തുറമുഖ വികസന പദ്ധതിയുടെ ആഗോള ടെണ്ടറിൽ പങ്കെടുക്കുന്നതിന് INKEL - നോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

-----2

| | | | |
|---|---|---|---|
| (സി) | പദ്ധതി എപ്പോൾ ആരംഭിക്കാനാവും എന്ന് വ്യക്തമാക്കുമോ? | (സി) | ടെണ്ടർ നടപടിക്രമങ്ങൾക്കുശേഷം മാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ